**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3949** **03-03-2023 - ൽ മറുപടിയ്ക്ക്**

**മൃതസഞ്ജീവനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി.ഉമ തോമസ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മൃതസഞ്ജീവനി പദ്ധതി ആരംഭിച്ചത് എന്നാണ്; പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ എത്ര അവയവ മാറ്റ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്; സർക്കാർ പൊതുമേഖലാ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലുമായി എത്ര വീതം അവയവ മാറ്റ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്; ഏറ്റവും കൂടുതൽ അവയവ മാറ്റ ശസ്ത്രക്രിയ നടത്തിയ ആശുപത്രി ഏതാണ്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 2012 ആഗസ്റ്റ് മാസത്തിലാണ് മൃതസഞ്ജീവനി പദ്ധതി ആരംഭിച്ചത്. പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ അവയവ മാറ്റ ശസ്ത്രക്രിയകൾ നടത്തിയവരുടെ എണ്ണം അനുബന്ധം ആയി ചേർത്തിരിക്കുന്നു.<br><br>ഇതിൽ 774 രോഗികൾ സ്വകാര്യ ആശുപത്രികൾ വഴിയാണ് അവയവമാറ്റ ശസ്ത്രക്രിയ നടത്തിയിട്ടുള്ളത്. 233 രോഗികൾ സർക്കാർ ആശുപത്രികളിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്. മൃതസഞ്ജീവനി പദ്ധതി വഴി ഏറ്റവും കൂടുതൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തിയത് അമൃത ആശുപത്രിയിലാണ്. |
| (ബി) | അവയവ മാറ്റത്തിനായി രജിസ്റ്റർ ചെയ്തിട്ടുള്ള രോഗികളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എത്ര രോഗികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ദാരിദ്ര്യരേഖ തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കുന്നില്ല. സർക്കാർ മേഖലയിൽ അവയവമാറ്റ ശസ്ത്രക്രിയ ചെയ്യുമ്പോൾ രോഗികളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് അനുവദനീയമായ ഇളവുകൾ ലഭ്യമാക്കാറുണ്ട്. |
| (സി) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എത്ര രോഗികൾക്ക് സംസ്ഥാനത്ത് നാളിതുവരെ അവയവ മാറ്റ ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്; പ്രസ്തുത രോഗികളുടെ ശസ്ത്രക്രിയകളിൽ എത്രയെണ്ണം സർക്കാർ ആശുപത്രികളിലും എത്രയെണ്ണം സ്വകാര്യ ആശുപത്രികളിലും നടന്നു എന്ന് വ്യക്തമാക്കുമോ; | (സി) | അവയവമാറ്റ ശസ്ത്രക്രിയ നടത്തിയിട്ടുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ കണക്കുകൾ പ്രത്യേകമായി സൂക്ഷിക്കുന്നില്ല. |
| (ഡി) | സാധാരണക്കാർക്ക് കൂടുതൽ ഉപകാരപ്രദമാകുന്നതിന് സംസ്ഥാനത്തെ സർക്കാർ പൊതുമേഖലാ ആശുപത്രികളിൽ അവയവ മാറ്റ ശസ്ത്രക്രിയ സൗകര്യം ഏർപ്പെടുത്തുന്നതിന് വേണ്ടി കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് നേടിയെടുക്കുന്നതിന് | (ഡി) | കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ നാഷണൽ ഓർഗൻ ട്രാൻസ്പ്ലാന്റ് പ്രോഗ്രാം മുഖേനയുള്ള ഗ്രാന്റ് നേടിയെടുക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| | അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

# **അനുബന്ധം**

| Year | 2012 | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 | 2020 | 2021 | 2022 | 2023 | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Don ors | 9 | 36 | 58 | 76 | 72 | 18 | 8 | 19 | 21 | 17 | 14 | 2 | 350 |
| Rece ipent | 22 | 88 | 156 | 218 | 199 | 60 | 29 | 55 | 70 | 49 | 53 | 8 | 1007 |